**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.626** 09.07.2013 ൽ മറുപടിയ്ക്ക്

## യുവജനങ്ങളിലെ സാമൂഹ്യ പ്രതിബദ്ധത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ.ഷാഫി പറമ്പിൽ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ യൂത്ത് അവാർഡ് നൽകുന്നുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്, ജില്ലാ സംസ്ഥാനതലങ്ങളിൽ എല്ലാ വർഷവും യൂത്ത് അവാർഡ് നൽകുന്നു. യുവജനങ്ങളിൽ സാമൂഹ്യ പ്രതിബദ്ധത വളർത്തുക, സേവനമനോഭാവം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് യൂത്ത് അവാർഡ് നൽകുന്നത്. സാമൂഹ്യ പ്രവർത്തന രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന വ്യക്തികൾക്കും, യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകളിൽ മികച്ച പ്രവത്തനം കാഴ്ചവയ്ക്കുന്ന ക്ലബ്ബിനും ജില്ലാതലത്തിലും അവരിൽ നിന്ന് തെരഞ്ഞെടുത്ത ഒരു വ്യക്തിയ്ക്കും ഒരു ക്ലബ്ബിനും സംസ്ഥാനതലത്തിലും അവാർഡ് നൽകുന്നു. |
| (ബി) | ഏതെല്ലാം സന്നദ്ധ സംഘടനകൾക്കും വ്യക്തികൾക്കുമാണ് ഈ അവാർഡ് നൽകുന്നത്; വ്യക്തമാക്കുമോ; | | |
| (സി) | യുവജനങ്ങളിൽ സാമൂഹിക പ്രതിബദ്ധത വർദ്ധിപ്പിക്കാനും സേവന മനോഭാവം വളർത്താനും ഇത്തരം സംരംഭങ്ങൾ എത്രമാത്രം പ്രയോജനകരമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ? | (സി) | യുവജനങ്ങളിൽ സാമൂഹ്യ പ്രതിബദ്ധത വളർത്തുകയും സേവന മനോഭാവം ഉളവാക്കുകയും ചെയ്യുന്നതിലൂടെ രാഷ്ട്ര പുരോഗതി കൈവരിക്കുക എന്നതാണ് യൂത്ത് അവാർഡുകളുടെ മുഖ്യമായ ലക്ഷ്യം. മികച്ച സാമൂഹ്യ പ്രവർത്തകരെയും മികച്ച സന്നദ്ധ സംഘടനകളെയും രാജ്യത്ത് സൃഷ്ടിക്കാൻ യൂത്ത് അവാർഡ് നൽകുന്നത് വഴി സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ